നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്, കൂടാതെ സംസ്ഥാന തലത്തിൽ ആരോഗ്യവകുപ്പു ഡയറക്ടറേറ്റിലും, ജില്ലാതലങ്ങളിൽ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ മേൽനോട്ടത്തിലും ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു.

ഇതിനെല്ലാം പുറമെ എറ്റവും ഫലപ്രദമായ പ്രതിരോധ നടപടി എലി നശീകരണം മാത്രമാണെന്നതിനാൽ കൃഷിവകുപ്പ്, മൃഗസംരക്ഷണവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സംയുക്തമായി ഇതിനുവേണ്ട നടപടികൾ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പാക്കുവാൻ, പ്രസ്തുത വകുപ്പുകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) ഹൃദയസംബന്ധമായ രോഗങ്ങൾ, കിഡ്നി സംബന്ധമായ രോഗങ്ങൾ തുടങ്ങിയ ചിലവേറിയ ചികിത്സ വേണ്ടിവരുന്നവരെ സഹായിക്കാൻ പ്രധാനമന്ത്രിയുടെ റിലീഫ് ഫണ്ട്, മുഖ്യമന്ത്രിയുടെ റിലീഫ് ഫണ്ട് ആശുപത്രി വികസന സമിതിയുടെ ചികിൽസാ സഹായം തുടങ്ങിയവയുണ്ട്. കൂടാതെ വാർഷികവരുമാനം 24,000/- വരെയുള്ള പാവപ്പെട്ട രോഗികൾക്ക് ഹൃദയം, കിഡ്നി സംബന്ധമായ മാരകരോഗങ്ങളുടെ ചികിൽസയ്ക്ക് 50,000/- രൂപ വരെ ചികിത്സാ ധനസഹായം നൽകുന്നതിനായി സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് റ്റു ദി പുവർ എന്ന പേരിൽ ഒരു സൊസൈറ്റി സംസ്ഥാന സർക്കാർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(സി) അങ്ങനെ പരാതികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങൾ ഇപ്പോൾ നിലവിലില്ല. എന്നാൽ ഇക്കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**28 (*323) വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയുടെ അധികാരങ്ങൾ**

ശ്രീ. എ.കെ. മണി :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയ്ക്ക് ഏതെല്ലാം കാര്യങ്ങളിൽ അന്വേഷണം നടത്താനുള്ള അധികാരമുണ്ട് എന്ന് അറിയിക്കുമോ;

(ബി) ആരുടെയെങ്കിലും പരാതിയില്ലാതെ ഈ ബ്യൂറോയിലെ ഉദ്യോഗസ്ഥൻമാർക്ക് അന്വേഷണം നടത്താനുള്ള അധികാരമുണ്ടോ;

(സി) ഈ ബ്യൂറോയിലെ ഉദ്യോഗസ്ഥന്മാർ 1999 ഡിസംബർ മാസത്തിൽ ഏതെങ്കിലും ഗവൺമെന്റ് ഓഫീസിലെ ഹാജർനില പരിശോധിച്ചുവോ;

(ഡി) എങ്കിൽ ഏതെല്ലാം ഓഫീസിലെ ഹാജർനിലയാണ് പരിശോധിച്ചത്;

(ഇ) ആരുടെ പരാതിയുടേയോ നിർദ്ദേശത്തിന്റെയോ അടിസ്ഥാനത്തിലാണ് ഈ പരിശോധന നടത്തിയതെന്നു പറയാമോ;

(എഫ്) ഏതെല്ലാം ഉദ്യോഗസ്ഥൻമാരാണ് ഈ അന്വേഷണത്തിന് പോയതെന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ):

(എ) സർക്കാർ ഉദ്യോഗസ്ഥന്മാരുടേയും, അഴിമതി നിരോധന നിയമത്തിൻകീഴിൽ വരുന്ന പൊതുപ്രവർത്തകരുടേയും (പബ്ലിക് സർവന്റ്) പേരിലുള്ള അഴിമതി നിരോധന നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള കുറ്റകൃത്യങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്താൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോക്ക് അധികാരമുണ്ട്.

(ബി) ഉണ്ട്.

(സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ ഉദ്യോഗസ്ഥൻമാർ 1999 ഡിസംബർ മാസത്തിൽ 27 സർക്കാർ ഓഫീസുകളിൽ സർപ്രൈസ് ചെക്കുകൾ നടത്തി ഓഫീസുകളിലെ ഹാജർ നില പരിശോധിച്ചിട്ടുണ്ട്. മിന്നൽ പരിശോധന നടത്തിയ ഓഫീസുകളുടെ പേരുവിവരം അനുബന്ധം 1-ആയി ചേർത്തിട്ടുണ്ട്.†

(ഇ) ആരുടെയും പരാതിയുടെ അടിസ്ഥാനത്തിലല്ല മേൽപ്പറഞ്ഞ പരിശോധനകൾ നടത്തിയത്.

(എഫ്) വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയിലെ 20 ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരാണ് വിവിധ ആഫീസുകളിൽ അന്വേഷണം നടത്തിയത്.

**29 (*324) നിരോധിക്കപ്പെട്ട മതസംഘടനകളുടെ പ്രവർത്തനം**

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും മത സംഘടനകളെ നിരോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നിരോധിച്ച മത സംഘടനകളുടെ പ്രവർത്തനം സംസ്ഥാനത്ത് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിരോധിക്കപ്പെട്ട മതസംഘടനകൾ ആരാധനാലയങ്ങളിൽ ആയുധപരിശീലനവും, പ്രവർത്തനവും നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സംഘടനകളുടെ പ്രവർത്തനം തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ):

(എ&ബി) 1992-ൽ കേന്ദ്രസർക്കാർ ഇസ്ലാമിക് സേവക്സംഘ്, ജമാ മത്ത് ഇസ്ലാമി, വിശ്വഹിന്ദുപരിഷത്ത്, രാഷ്ട്രീയ സ്വയം സേവക് സംഘ് മുതലായ മതമൗലിക സംഘടനകളെ നിരോധിക്കുകയും, 1994-ൽ പ്രസ്തുത സംഘടനകളുടെ നിരോധനം പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. നിരോധനം നിലവിലുള്ള മത സംഘടനകൾ ഒന്നും ഇപ്പോൾ സംസ്ഥാനത്ത് ഇല്ല.



LIBRARY ARCHIVES Kerala Legislative Assembly